സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003
ഫോൺ. 0471 2314288 ഫാക്സ് 0471 2315156 ഇ മെയിൽ. dcotdb@gmail.com

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം. 5.10.2019.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1195-ലെ മണ്ഡലം-മകരവിളക്ക് മേടവിഷു മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച്, പമ്പയിൽ ബലിത്തറകൾ കെട്ടി പിതൃപൂജ നടത്തികൊടുക്കുന്നതിന് താൽപ്പര്യമുള്ള പുരോഹിതരിൽ നിന്നും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. അപേക്ഷകൻ പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്.. ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

2. **അപേക്ഷകൻ ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന എന്ന് തെളിയിക്കുന്നതിലേക്കായി അതത് ജില്ലാ പോലിസ് മേധാവി/ ഡി.സി.ആർ.ബി നിന്നുമുള്ള ഉദ്യോഗസ്ഥന്റെ (സബ് ഇൻസ്പെക്ടർ/സൂപ്രണ്ട് ഓഫ് പോലിസ്) സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്(അപേക്ഷകന്റെ താമസസ്ഥലത്ത് അധികാര പരിധി വരുന്നത്)**

3. **അപേക്ഷകൻ പുരോഹിതവൃത്തിയിൽ പ്രാവീണ്യം ഉണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിലേക്കായി തന്ത്രി സമാജം/ തന്ത്രിയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

4. അപേക്ഷക്കരെ മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് ഉന്നതധികാര പാനൽ ഇന്റർവ്യൂ നടത്തുന്നതാണ്. ആയതിന്റെയും പുരാഹിതർ സമർപ്പിക്കുന്ന ഓഫറിന്റെയും അടിസ്ഥാനത്തിൽ അർഹമായ ബലിത്തറകൾ ക്രമ പ്രകാരം അനുവദിക്കുന്നതാണ്.

5. യോഗ്യരായ അപേക്ഷക്കരെ മുറപ്രകാരം തെരഞ്ഞെടുക്കുന്നതും ആയവർക്ക് നിശ്ചിത ബലിത്തറ മണ്ഡലം-മകരവിളക്ക് മേടവിഷു മാസപൂജ എന്നി കാലയളവിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം അനുവദിക്കുന്നതുമാണ്.

6. ഒരു അപേക്ഷകൻ ഒരു ഓഫറിൽ കൂടുതൽ സമർപ്പിക്കുവാൻ പാടില്ലാതതാണ്. അപ്രകാരം ഉള്ള ഓഫറുകൾ നിരാകരിക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള അവകാശം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

7. മണ്ഡലം-മകരവിളക്ക്,മേടവിഷു,മാസപൂജ കാലയളവിലേക്ക് ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ അറിയിപ്പ് ലഭിച്ച് കൃത്യം അഞ്ച് ദിവസ്സതിനകം

മുഴുവൻ തുകയും ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ ഹാജരായി, ഒടുക്ക് വരുത്തേണ്ടതാണ്. നിശ്ചിത ദിവസ്സത്തിനകം തുക ഒടുക്ക് വരുത്താത്ത പക്ഷം മറ്റൊരാൾക്ക് ടി തറ നൽകുന്നതിന് ഡിപ്പാർട്ട്മെന്റ് നിർബന്ധിതമാകുന്നതാണ്.

8. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ടി പ്രവർത്തി അല്ലാതെ മറ്റ് യാതൊരു പ്രവർത്തിയിലും പമ്പ ഭാഗത്ത് വച്ച് ഏർപ്പെടുവാൻ പാടില്ലാതതാണ്.

9. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ നിർബന്ധമായും ഡിപ്പാർട്ട്മെന്റ് നൽകുന്ന തിരച്ചറിയൽ കാർഡ് ധരിച്ചിരിക്കേണ്ടതാണ്.

10. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അറിവോ സമ്മതമോ ഇല്ലാതെ ടി തറ മറ്റാർക്കും നൽകുവാൻ പാടില്ലാതതാണ്.

11. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു കാരണവശാലും പുകയില ഉത്പനങ്ങളും ലഹരി വസ്തുകളും ടി ഭാഗത്ത് വച്ച് ഉപയോഗിക്കുവാൻ പാടില്ലാതതും,നിയമം അനുവദിക്കാത്ത യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.

12. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു തരത്തിലും അയപ്പന്മാരെ ചൂഷണം ചെയ്യുവാൻ പാടില്ലാതതാണ്.

13. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അളന്ന് നൽകുന്ന അളവിനപ്പുറം സ്ഥലത്ത് ബലിത്തറ കെട്ടുവാൻ പാടില്ലാതതാണ്. അപ്രാകാരം ബോദ്ധ്യപ്പെട്ടാൽ ആയത് മുൻ അറിയിപ്പ് കൂടാതെ തന്നെ പൊളിച്ച് നീക്കുന്നതാണ്.

14. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദശങ്ങൾ പാലിക്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

15. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ്, പിതൃ പൂജ നടത്തി കൊടുക്കുന്നതിനയി നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ അയ്യപ്പന്മാരിൽ നിന്നും ഈടാക്കുവാൻ പാടില്ലാതതാണ്.

16. അപേക്ഷകൾ 16.10.2019 വൈകുന്നരം 5.00 മണിക്ക് മുമ്പായി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്,നന്തൻകോട്,തിരുവനന്തപുരം 695 003 എന്ന മേൽ വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണ വശാലും സ്വീകരിക്കുന്നതല്ല.

ആർ.ഒ.സി. 43/19/ശബ
05.10.2019

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003

PHOTO

**സ്വാമി ശരണം**

**ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1195 (2019-2020) മണ്ഡലം-മകരവിളക്ക് അടിയന്തിരങ്ങളോടനുബന്ധിച്ച് 1195 വൃശ്ചികം 1 മുതൽ 1196 തുലാം 30 വരെ യുള്ള കാലയളവിലേയ്ക്ക് പമ്പയിൽ നിശ്ചിത സ്ഥലത്ത് ബലിത്തറ കെട്ടി പിതൃ പൂജ**

**നടത്തുന്നതിന് പുരോഹിത നിയമനത്തിനുള്ള അപേക്ഷ.**

| | |
|---|---|
| **1.** അപേക്ഷകന്റെ പേര് | |
| **2.** സ്ഥിരമേൽവിലാസം | |
| **3.** അച്ഛന്റെ പേര് | |
| **4.** ജനനത്തീയതിയും,വയസ്സും | |
| **5.** ജാതി,മതം | |
| **6.** വയസ്സ് തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **7.** ജാതി തെളിയിക്കുന്നതിന് ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **8.** മുൻപരിചയംതെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **9.** വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |

**10.** അപേക്ഷകൻ ക്രിമനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ?ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ

സ്ഥലം :

തീയതി:

അപേക്ഷകന്റെ ഒപ്പ്